**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 113** | **30-08-2022 - ൽ മറുപടിയ്ക്ക്**

**ദേശീയപാതകളുടെ അറ്റകുറ്റപ്പണി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ഡോ സുജിത് വിജയൻപിള്ള,<br>ശ്രീ. ടി. പി .രാമകൃഷ്ണൻ,<br>ശ്രീ. എച്ച്. സലാം,<br>ശ്രീ. കെ.കെ. രാമചന്ദ്രൻ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ദേശീയപാതകളിൽ തുടരെയുണ്ടാകുന്ന അപകടങ്ങളെയും കുഴിയിൽ വീണ് ഒരാൾ മരണപ്പെട്ടതിനെയും തുടർന്ന് ദേശീയപാതകളുടെ അറ്റകുറ്റപ്പണി നടത്തേണ്ടത് സംസ്ഥാന സർക്കാരാണെന്നുള്ള നിലയിൽ ചിലർ ചില മാധ്യമങ്ങളുടെ സഹായത്തോടെ നടത്തുന്ന ദുഷ്പ്രചരണങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ച വസ്തുതാപരമായ യാഥാർത്ഥ്യമെന്തെന്ന് വിശദമാക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. NHAI-യുടെ ചുമതലയിലുള്ള ദേശീയപാതകളുടെ അറ്റകുറ്റപ്പണികൾ NHAI ആണ് നടപ്പിലാക്കേണ്ടത്. |
| (ബി) | സംസ്ഥാനത്തെ ദേശീയപാതകളിലെ കുഴികൾ അടിയന്തരമായി അടയ്ക്കണമെന്ന് ദേശീയപാത അതോറിറ്റിയോട് ഹൈക്കോടതി ആവശ്യപ്പെട്ടിരുന്നോ; റോഡിലെ കുഴികൾ അടയ്ക്കുന്നതിനായി ദേശീയപാത അതോറിറ്റി സഹായം അഭ്യർത്ഥിച്ചിരുന്നോ; വിശദമാക്കാമോ; | (ബി) | WP(C) 32680/2008-ലെ 08.08.2022-ലെ ഉത്തരവ് പ്രകാരം ബഹു. കേരള ഹൈക്കോടതി സംസ്ഥാനത്തെ എല്ലാ ദേശീയപാതകളിലും അടിയന്തരമായി കുഴികൾ അടയ്ക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. ബഹു. ഹൈക്കോടതിയുടെ ഉത്തരവ് നടപ്പാക്കുന്നതിന് ബന്ധപ്പെട്ട സ്ട്രെച്ചുകളിലെ കോൺട്രാക്ടർമാർക്ക് നിർദ്ദേശം നൽകിയതായി ദേശീയപാതാ അതോറിറ്റി റീജിയണൽ ഓഫീസർ അറിയിച്ചിട്ടുണ്ട്. ഹൈക്കോടതി വിധിക്കു ശേഷം കുഴികൾ അടയ്ക്കാൻ NHAIസഹായം അഭ്യർത്ഥിച്ചിട്ടില്ല. |
| (സി) | സംസ്ഥാനത്തെ ദേശീയപാതയിൽ ഇടപ്പള്ളി മുതൽ മണ്ണുത്തി വരെയുള്ള റോഡ് നിർമാണത്തിൽ വൻ ക്രമക്കേട് നടന്നിട്ടുള്ളതായി സി.ബി.ഐ. അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഇതിൽ കുറ്റക്കാരായവർക്കെതിരെ നിയമ നടപടികൾ പൂർത്തിയായിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | **സി.ബി.ഐ. അന്വേഷണം സംബന്ധിച്ച കാര്യങ്ങൾ ദേശീയപാത അതോറിറ്റിയുമായി ബന്ധപ്പെട്ടതാണ്. ദേശീയപാത അതോറിറ്റി കേന്ദ്രസർക്കാരിന് കീഴിൽ വരുന്നതാണ്.** |

സെക്ഷൻ ഓഫീസർ